# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. **2839**

10/03/2017 ന്

മറുപടിയ്ക്ക്

## <u>തലശ്ശേരി ഗവ.ബ്രണ്ണൻ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ</u>

**ചോദ്യം** | **മറുപടി**

ശ്രീ.എ.എൻ.ഷംസീർ

പ്രൊഫ.സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തലശ്ശേരി ഗവ.ബ്രണ്ണൻ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിൽ എം.എഡ് കോഴ്സിന് ആവശ്യമായ സ്ഥിരം അദ്ധ്യാപകരില്ല എന്ന കാരണത്താൽ എൻ.സി.ടി.ഇ. അംഗീകാരം പിൻവലിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എം.എഡ് കോഴ്സ് നിലനിർത്തുന്നതിനാവശ്യമായ അദ്ധ്യാപകരെ അടിയന്തരമായി നിയമിക്കുമോ? | (ബി) | തലശ്ശേരി ഗവണ്മെന്റ് ബ്രണ്ണൻ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിൽ എം.എഡ് കോഴ്സിന് അംഗീകാരം നഷ്ടപ്പെടാൻ കാരണം അന്നത്തെ എൻ.സി.ടി.ഇ നിബന്ധന പ്രകാരം എം.എഡ് കോഴ്സ് പഠിപ്പിക്കുന്നതിന് മാത്രമായി സ്ഥിരാദ്ധ്യാപകൻ ആവശ്യമായിരുന്നതിനാലാണ്. എന്നാൽ നിലവിലെ എൻ.സി.ടി.ഇ നിബന്ധന അനുസരിച്ച് എം.എഡ് പഠിപ്പിക്കുന്നതിന് പ്രത്യേകമായി സ്ഥിരാദ്ധ്യാപകർ ആവശ്യമില്ല. ബി.എഡ് വിഭാഗത്തിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് എം.എഡ് വിഭാഗത്തിലും പഠിപ്പിക്കാവുന്നതാണ്. ആയതിനാൽ എം.എഡ് കോഴ്സിന് അംഗീകാരം കിട്ടുന്ന മുറയ്ക്ക് അത് നിലനിർത്തുന്നതിനാവശ്യമായ അദ്ധ്യാപകരെ നിയമിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**